**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവസ്ഥ വിലയിരുത്തൽ നടപടിയുടെ ഭാഗമായി എടുത്ത തീരുമാനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി 16.07.2021 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകൾക്കായി ചേർന്ന വകുപ്പ് / മിഷൻ മേധാവിമാരുടെയും ജില്ലാ മേധാവിമാരുടെയും അവലോകന യോഗത്തിന്റെ മിനിട്സ്**

യോഗം രാവിലെ 10 മണിക്ക് ആരംഭിച്ചു. ആമുഖമായി അഡീഷണൽ ചീഫ് സെക്രട്ടറി ചുവടെ പറയുന്ന വിവരങ്ങൾ യോഗത്തെ അറിയിച്ചു.

സംസ്ഥാനത്ത് സിക്ക, ഡെങ്കി എന്നീ പകർച്ചവ്യാധികളുടെ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി കൊതുക നിവാരണ പ്രവർത്തനങ്ങൾ ഒരു സ്പെഷ്യൽ ഡ്രൈവിലൂടെ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറത്തിറക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത രോഗവ്യാപനം കണ്ടെത്തിയ ഇടങ്ങൾ കേന്ദ്രീകരിച്ചുള്ള അതീവ ജാഗ്രതാ പ്രതിരോധ നടപടികൾക്ക് ആരോഗ്യ വകുപ്പ് ഡി.എം.ഒ.യുമായി ചേർന്ന് ഡി.ഡി.പി.മാരും ആർ.ജെ.ഡി.മാരും സഹകരിച്ച് പ്രവർത്തിക്കണം.

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതും ഒപ്പം തന്നെ ബഹു. മുഖ്യമന്ത്രി നേരിട്ട് അവലോകനം ചെയ്യുന്നതുമായ പദ്ധതിയുടെ ഭാഗമായി 8000 കുളങ്ങൾ ഫിഷറീസ് വകുപ്പ് കണ്ടെത്തി ലിസ്റ്റ് തന്നിട്ടുണ്ട്. ആയതിൽ 5000 കുളങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള കുളങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങൾ അതാത് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുവാൻ സ്വീകരിച്ച നടപടികൾ 19.07.2021 ന് മുമ്പായി റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന തരത്തിൽ പഞ്ചായത്ത്, നഗരസഭകളുടെ ഭാഗത്ത് നിന്ന് നടപടിയുണ്ടാകുന്നതിന് സെക്രട്ടറിമാർക്ക് ഡി.ഡി.പി, ആർ.ജെ.ഡിമാർ നിർദ്ദേശങ്ങൾ നൽകണം.

അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള സർവേ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സർവേ നടത്തിപ്പിനും തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ജീവനക്കാരും സഹകരിക്കേണ്ടതാണ്.

സംസ്ഥാനത്ത് നടപ്പാക്കുന്ന വാതിൽപ്പടിസേവനം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മേയ് മാസത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) സെക്രട്ടറി ശ്രീ. സൗരഭ് ജെയ്ൻ ഐ.എ.എസ്. യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഏപ്രിൽ മാസത്തിൽ നടത്തിയ അവലോകന യോഗത്തിലെ തീരുമാനങ്ങൾക്കുമേൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിംഗ് മാതൃക പ്രകാരം ജില്ലാ ശുചിത്വമിഷനും ഹരിതകേരളം മിഷനും തയ്യാറാക്കിയ ജില്ല തിരിച്ചുള്ള റിപ്പോർട്ടുകളുടെ അവതരണം നടന്നു. ആലപ്പുഴ ജില്ലയുടെ അവതരണത്തിലും റിപ്പോർട്ടിംഗിലും കണക്കുകൾ

തമ്മിലെ പൊരുത്തക്കേടിലും അഡീഷണൽ ചീഫ് സെക്രട്ടറി അതൃപ്തി രേഖപ്പെടുത്തി. വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന തീരുമാനങ്ങളെടുത്തു:

**തിരുവനന്തപുരം**

1. വാതിൽപ്പടി ശേഖരണം

തിരുവനന്തപുരം ജില്ലയിൽ ഇനിയും വാതിൽപ്പടി ശേഖരണം വീടുകളിൽ നിന്ന് ആരംഭിക്കാത്ത 5 ഗ്രാമപഞ്ചായത്തുകളും സ്ഥാപനങ്ങളിൽ ആരംഭിക്കാത്ത 7 ഗ്രാമപഞ്ചായത്തുകളും ഉണ്ടെന്ന് യോഗം വിലയിരുത്തി. പ്രസ്തുത ഇടങ്ങളിലെ പ്രവർത്തനം സംബന്ധിച്ച് ഡി.ഡി.പി. പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണം.

നടപടി: ഡി.ഡി.പി, തിരുവനന്തപുരം
കാലാവധി : ഒരാഴ്ച

2. ഏപ്രിൽ മാസത്തെ അവലോകനത്തിൽ പ്രവർത്തനത്തിൽ പിന്നിലായിരുന്ന കല്ലറ, മുദാക്കൽ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾ മികച്ച പ്രവർത്തന പുരോഗതി കൈവരിച്ചതിൽ അഡീഷണൽ ചീഫ് സെക്രട്ടറി അഭിനന്ദനം അറിയിച്ചു.

3. ശേഖരണ കവറേജ്

വാതിൽപ്പടി ശേഖരണ കവറേജിൽ മുന്നിട്ട് നിന്നിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കോവിഡിന്റെ പശ്ചാത്തലത്തിൽ പിന്നാക്കം പോയിട്ടുണ്ട്. കോവിഡ് വ്യാപനം കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അടിയന്തര ഇടപെടലിലൂടെ ഇത് പരിഹരിക്കണം. നിരന്തര അവലോകനം നടത്തി പ്രവർത്തന പുരോഗതി കൈവരിക്കണം

നടപടി: ഡി.ഡി.പി, ആർ.ജെ.ഡി

4. തിരുവനന്തപുരം നഗരസഭ ഉപയോഗിക്കുന്ന ശേഖരണ കലണ്ടർ സർക്കാർ കലണ്ടറിന് സമമാണോ എന്ന വിഷയം പരിശോധിക്കണം. നഗരസഭകളുടെ വാതിൽപ്പടി ശേഖരണം, ഹരിതകർമ്മ സേന പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെ പരിശോധിച്ച് ഒരാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണം.

നടപടി: ആർ.ജെ.ഡി., ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർമാർ

കാലാവധി : ഒരാഴ്ച

5. ഹരിത കർമ്മസേന കാര്യക്ഷമമായി പ്രവർത്തിക്കാത്ത 11 ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വ-ഹരിത കേരളം മിഷനുകളുമായി സഹകരിച്ച് അടിയന്തര ഇടപെടലുകൾ നടത്തി ഉടൻ വാതിൽപ്പടി ശേഖരണം ആരംഭിക്കണം.

നടപടി: ഡി.ഡി.പി
കാലാവധി : 15 ദിവസം

6. നിരന്തരമായി നിർദ്ദേശങ്ങൾ നൽകിയിട്ടും ഹരിതകർമ്മസേനയ്ക്ക് വ്യക്തിഗത സുരക്ഷാ

ഉപാധികൾ നൽകാത്ത 15 ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരോട് ഉടൻ കാരണം കാണിക്കൽ നോട്ടീസ് നൽകി നടപടി റിപ്പോർട്ട് ചെയ്യണം.

നടപടി : ഡയറക്ടർ, പഞ്ചായത്ത്

കാലാവധി : ഒരാഴ്ച

7. നാളിതുവരെ എം.സി.എഫ് സ്ഥാപിക്കാത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അടിയന്തരമായി കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചു.

നടപടി : ഡയറക്ടർ, പഞ്ചായത്ത്
കാലാവധി : ഒരാഴ്ച

8. എല്ലാ ഘടകത്തിലും പിന്നാക്കം നിൽക്കുന്ന നഗരൂർ ഗ്രാമപഞ്ചായത്തിൽ പ്രത്യേക ഇടപെടൽ നടത്തി അടിയന്തരമായി പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. സംസ്ഥാനതലത്തിൽ തന്നെ മാലിന്യ സംസ്കരണത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന പഞ്ചായത്തായി യോഗം വിലയിരുത്തി.

നടപടി : ഡി.ഡി.പി, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ
കാലാവധി : ഒരു മാസം

9. മിനി എം.സി.എഫുകളുടെ കണക്ക് രേഖപ്പെടുത്തിയതിലും യൂസർഫീ നിരക്ക് സർക്കാർ നിരക്കിൽ താഴെ വാങ്ങുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് രേഖപ്പെടുത്തിയതിലും അപാകത വന്നതിൽ അഡീഷണൽ ചീഫ് സെക്രട്ടറി അതൃപ്തി അറിയിച്ചു. ആയത് ഉടൻ പരിഹരിച്ച് തിരുത്തണം.

നടപടി : ജില്ലാ ഹരിതകേരളം മിഷൻ, ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർ

10. തെറ്റായ മാലിന്യ സംസ്കരണ രീതികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിൽ തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ പുരോഗതിയില്ലെന്ന് യോഗം വിലയിരുത്തി. ആയതിൽ പുരോഗതി കൈവരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണം.

നടപടി : ഡി.ഡി.പി, ആർ.ജെ.ഡി
കാലാവധി : ഒരു മാസം

11. ക്ലീൻകേരള കമ്പനിക്ക് മാലിന്യം നീക്കിയ ഇനത്തിൽ ഇനിയും സർക്കാർ ഉത്തരവ് പ്രകാരമുള്ള തുക കൈമാറാത്ത കരുംകുളം, പെരുങ്കടവിള, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിനും കാലതാമസം കൂടാതെ ഈ തുക കമ്പനിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

നടപടി : പഞ്ചായത്ത് ഡയറക്ടർ

കാലാവധി : ഒരാഴ്ച

12. തിരുവനന്തപുരം നഗരസഭയിൽ നിലവിലെ കമ്പോസ്റ്റിംഗ് ഇനോക്കുലം വിതരണം തൃപ്തികരമാണോ, ആവശ്യകതക്കനുസരിച്ച് ലഭിക്കുന്നുണ്ടോ, ഗുണനിലവാരം എന്നിവ ശുചിത്വ-ഹരിതകേരളം മിഷനുകൾ ചേർന്ന് പരിശോധിച്ച് ജൂലൈ 30 ന് മുമ്പ് റിപ്പോർട്ട് നൽകണം.

നടപടി : ജില്ലാ കോ-ഓർഡിനേറ്റർമാർ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ

13. എം.സി.എഫുകളിൽ നാളിതുവരെ വെയിംഗ് മെഷീൻ സ്ഥാപിച്ച് ദൈനംദിനം ശേഖരിക്കുകയും തരംതിരിക്കുകയും ചെയ്യുന്ന പാഴ് വസ്തുക്കളുടെ അളവ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിരന്തരമായി അവലോകനം ചെയ്ത് കർശന നടപടി സ്വീകരിക്കണം.

നടപടി : ഡി.ഡി.പി, ആർ.ജെ.ഡി

14. സംസ്കരണത്തിനായി കൈമാറുന്ന മാലിന്യത്തിന്റെ അളവ് ഇനം തിരിച്ച് ശേഖരിക്കുന്നതും കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്നും സെക്രട്ടറിമാർ ഉറപ്പാക്കണം. എം.സി.എഫ്./ആർ.ആർ.എഫ്. കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് യൂണിറ്റുകളിലും സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ മാതൃക ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും ഹരിത കേരളം മിഷനുംകൂടി തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകണം. ഇവ 2021 ജൂലൈ 30 ന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുമെന്ന് ഉറപ്പാക്കണം.

നടപടി : എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ, എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഹരിത കേരളം മിഷൻ, എം.ഡി. ക്ലീൻ കേരള കമ്പനി

15. തിരുവനന്തപുരം നഗരസഭയുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തി കുറവുകൾ പരിഹരിക്കുന്നതിനുള്ള അടിയന്തരമായ നടപടി സ്വീകരിക്കണം.

നടപടി : എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ, ഡയറക്ടർ അർബൻ, ഹരിത

കേരളം മിഷൻ

16. ഹരിത കർമ്മസേനയുടെ അക്കൗണ്ട് നാൽപ്പത് ഗ്രാമപഞ്ചായത്തുകളിലും മൂന്ന് നഗരസഭകളിലും ഇനിയും ചിട്ടപ്പെടുത്തിയിട്ടില്ല എന്ന് വിലയിരുത്തി. ഇത് ചിട്ടപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

നടപടി : എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ

17. ശുചിത്വപദവി നിലനിർത്തൽ, മഴക്കാല പൂർവ്വശുചീകരണം എന്നിവയിൽ ജില്ലയിലെ പ്രവർത്തനം തൃപ്തികരമല്ല എന്ന് വിലയിരുത്തി ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നടപടി : ഡി.ഡി.പി., ആർ.ജെ.ഡി., ജില്ലാ കോർഡിനേറ്റർമാർ ഹരിതകേരളം മിഷൻ-

ശുചിത്വമിഷൻ, അസി. മാനേജർ, ക്ലീൻ കേരള കമ്പനി

18. മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനത്തിൽ തിരുവനന്തപുരം ജില്ല വളരെ പുറകിലാണെന്ന് വിലയിരുത്തി. ഇതിന് മാറ്റമുണ്ടാക്കാനാവശ്യമായ നടപടി ഡി.ഡി.പി. യും ആർ.ജെ.ഡി. യും സ്വീകരിക്കണം.

നടപടി : ജില്ലാ ഏകോപന സമിത്

**<u>കൊല്ലം</u>**

1. വാതിൽപ്പടി ശേഖരണം

ഏപ്രിൽ മാസത്തെ അവലോകന യോഗത്തിൽ പിന്നോക്കം നിന്നിരുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പുരോഗതിയുള്ളതായി യോഗം വിലയിരുത്തി. മികച്ച രീതിയിൽ പ്രവർത്തനം ആരംഭിച്ച ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ നടപടികൾ സ്വാഗതാർഹമാണെന്ന് യോഗം വിലയിരുത്തി. പോരുവഴി ഗ്രാമപഞ്ചായത്തിന്റെ മോശം അവസ്ഥയും കരുനാഗപ്പള്ളി, പരവൂർ നഗരസഭകളിലെ പുരോഗതിയും തുടർച്ചയായി അവലോകനം നടത്തി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

നടപടി : ഡി.ഡി.പി, ആർ.ജെ.ഡ

2. ഹരിതകർമ്മസേന തെരഞ്ഞെടുപ്പ് തികച്ചും സുതാര്യമായിരിക്കണം. ബാഹ്യ ശക്തികളുടെ ഇടപെടൽ മൂലം ഹരിതകർമ്മസേനാംഗങ്ങളെ ജോലിയിൽ നിന്നും ഒഴിവാക്കുന്ന നടപടി അംഗീകരിക്കാൻ ആകില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

നടപടി : ഡി.ഡി.പി, ആർ.ജെ.ഡ

3. ശുചിത്വ-മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥരുടെ ചുമതലകൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണർ വി.ഇ.ഒ. മാർക്കും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എഞ്ചിനീയർമാർക്കും നിർവഹണ കാലതാസമം ഒഴിവാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകണം.

നടപടി : ഗ്രാമവികസന കമ്മീഷണർ, ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

4. വാതിൽപ്പടി ശേഖരണത്തിലുൾപ്പെടെ മികച്ച പുരോഗതി കൈവരിച്ച മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിനെ അഡീഷണൽ ചീഫ് സെക്രട്ടറി അഭിനന്ദിച്ചു. അഭിനന്ദനം രേഖാമൂലം നൽകുന്നതിന് തീരുമാനിച്ചു.

നടപടി : തദ്ദേശസ്വയംഭരണ വകുപ്പ്

5. ഹരിതകർമ്മ സേനക്ക് വ്യക്തിഗത സുരക്ഷാ ഉപാധികൾ ഇനിയും നൽകാത്ത 5

ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നലകുന്നതിന് തീരുമാനിച്ചു.

നടപടി : പഞ്ചായത്ത് ഡയറക്ടർ
കാലാവധി - ഒരാഴ്ച

6. മാലിന്യം നീക്കിയ ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് ഇനിയും തുക നൽകാത്ത പഞ്ചാത്തുകളോട് വിശദീകരണം ആവശ്യപ്പെടണം. ഇത് സംബന്ധിച്ച് നിലമേൽ ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതി റിപ്പോർട്ട് ഉടൻ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കണം.

നടപടി : പഞ്ചായത്ത് ഡയറക്ടർ
കാലാവധി - ഒരാഴ്ച

7. കൊല്ലം നഗരസഭയിൽ മാലിന്യ സംസ്കരണം നിരന്തരം വിവാദ വിഷയമായതിനാലും പ്രവർത്തന പുരോഗതിയിലേക്ക് വരാത്ത സാഹചര്യത്തിലും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക അവലോകന യോഗം ചേരുന്നതിനും ശേഷം സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിനും തീരുമാനിച്ചു.

നടപടി : തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ

**<u>പത്തനംതിട്ട</u>**

1. ഹരിതകർമ്മസേനക്ക് അടിസ്ഥാന വേതനം സമയബന്ധിതമായി അനുവദിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക ഇടപെടൽ നടത്തി വരുമാനം നിലയ്ക്കാത്ത രീതിയിൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നതിനും പ്രസ്തുത പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർക്ക് ഓറിയന്റേഷൻ നൽകുന്നതിനും തീരുമാനിച്ചു
നടപടി : ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർമാർ
കാലാവധി - 15 ദിവസം
2. മൈലപ്ര പഞ്ചായത്തിലെ എം.സി.എഫ്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് മുകളിൽ നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് പാലിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകേണ്ടതാണ്.

നടപടി : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

3. 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രമാണ് അശാസ്ത്രീയമായി മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. ആയതിൽ അടിയന്തര നടപടികൾ സ്വീകരിച്ച് പുരോഗതി കൈവരിക്കണം.

നടപടി : ഡി.ഡി.പി, ആർ.ജെ.ഡി

4. സ്വകാര്യ ഏജൻസിക്ക് മാലിന്യം നൽകുന്ന തിരുവല്ല നഗരസഭയിൽ ഹരിതകർമ്മ സേനക്ക്

പ്രതിമാസം ലഭിക്കുന്ന തുക എത്രയെന്നും അവർ ജോലിചെയ്യുന്ന സമയത്തിനാനുപാതികമാണോ എന്നും മിനിമം വേതനം നൽകുന്നതിൽ ചൂഷണം ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കണം.

നടപടി : ആർ.ജെ.ഡി, ജില്ലാ ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ

**<u>ആലപ്പുഴ</u>**

1. വാതിൽപ്പടി ശേഖരണത്തിൽ മികച്ച പുരോഗതി കൈവരിച്ച ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിനെ അഡീഷണൽ ചീഫ് സെക്രട്ടറി അഭിനന്ദിച്ചു.
2. മുതുകളം ഗ്രാമപഞ്ചായത്തിൽ സി.ഡി.എസ്. ദീർഘകാലമായി ഇല്ലാത്തതും, അവിടത്തെ പ്രശ്നങ്ങൾ സംബന്ധിച്ച കാര്യങ്ങളും പ്രത്യേക അവലോകനം ചെയ്ത് തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് തീരുമാനിച്ചു.

നടപടി : എക്സിക്യൂട്ടീവ്ഡയറക്ടർ, കുടുംബശ്രീ മിഷൻ

3. ഹരിതകർമ്മസേനക്ക് വ്യക്തിഗത സുരക്ഷാ ഉപാധികൾ ഇനിയും നൽകാത്ത 12 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചു.

നടപടി : പഞ്ചായത്ത് ഡയറക്ടർ

4. ഭരണസമിതികൾ മാറി വരുമ്പോൾ പഴയ ഹരിതകർമ്മസേന അംഗങ്ങളെ മാറ്റി പുതിയ ആളുകളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച പ്രവണത പരിശോധിച്ച് ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവ് പാലിക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കണം.

നടപടി : എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, ഡി.ഡി.പി., ആർ.ജെ.ഡി.

5. ആലപ്പുഴ ജില്ലയുടെ അവതരണത്തിലും റിപ്പോർട്ടിംഗിലും കണക്കുകൾ തമ്മിലെ പൊരുത്തക്കേടിലും അഡീഷണൽ ചീഫ് സെക്രട്ടറി അതൃപ്തി രേഖപ്പെടുത്തി.

**<u>കോട്ടയം</u>**

1. പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ നടത്തി വന്നിരുന്ന താൽക്കാലിക എം.സി.എഫ്. പ്രവർത്തനം നിർത്തിവച്ച നടപടി അടിയന്തരമായി പരിശോധിക്കണം. അടിയന്തരമായി എം.സി.എഫ്. പ്രവർത്തനം പുനഃസ്ഥാപിക്കണം. മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളിൽ പുരോഗതി കൈവരിച്ചിട്ടില്ല എന്ന് യോഗം വിലയിരുത്തി.

നടപടി : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

2. നഗരസഭകളിലെ മാലിന്യ സംസ്കരണം കാര്യക്ഷമമല്ലായെന്ന് യോഗം വിലയിരുത്തി. കൃത്യമായ അവലോകനം നടത്തി പ്രവർത്തന പുരോഗതി കൈവരിക്കണം

നടപടി : ആർ.ജെ.ഡി

3. ക്ലീൻ കേരള കമ്പനിക്ക് 44 ഗ്രാമപഞ്ചായത്തുകൾ തുക നൽകാനുണ്ടെന്ന് യോഗം വിലയിരുത്തി. ആയതിൽ കൂടുതൽ തുക നൽകാനുള്ളത് എരുമേലി ഗ്രാമപഞ്ചായത്താണ്. മേൽ വിഷയം നിരന്തരം അവലോകനത്തിലൂടെ അടിയന്തരമായി പരിഹരിക്കണം.

നടപടി : ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
കാലാവധി : ഒരാഴ്ച

**<u>ഇടുക്കി, എറണാകുളം ജില്ലകൾ</u>**

1. ഹരിതകർമ്മസേനക്ക് വ്യക്തിഗത സുരക്ഷാ സംവിധാനങ്ങൾ നൽകാത്തതും സർക്കാർ നിർദ്ദേശപ്രകാരം അക്കൗണ്ട് ആരംഭിക്കാത്തതും, നിയമനടപടികളിൽ വീഴ്ചവരുത്തിയതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരോട് കാരണം കാണിക്കൽ നോട്ടീസ് നൽകി തുടർ നടപടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നടപടി : നഗരകാര്യ ഡയറക്ടർ, പഞ്ചയത്ത് ഡയറക്ടർ, ഡി.ഡി.പി, ആർ.ജെ.ഡിമാർ

<u>പ്രത്യേക നിർദ്ദേശങ്ങൾ</u>

1. ശുചിത്വ-മാലിന്യ നിർവഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന തടസ്സങ്ങൾ അതാത് സമയം പരിഹരിക്കുന്നതിന് ജില്ലാതല ക്രമീകരണങ്ങൾ ഉണ്ടാക്കണം.

നടപടി : ജില്ലാ കളക്ടർ, ജില്ലാ ഏകോപന സമിതി

2. നാഷണൽ ഗ്രീൻ ട്രിബ്യൂണലിന് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ നൽകണം. ഖരമാലിന്യ സംസ്കരണ ആക്ഷൻ പ്ലാനിൽ ഹരിത കർമ്മസേന, മിനി എം.സി.എഫ്., എം.സി.എഫ്., ആർ.ആർ.എഫ്., സംസ്കരണ ക്രമീകരണങ്ങൾ, കൂടിക്കലർന്ന മാലിന്യങ്ങളും അഴുകിയ മാലിന്യങ്ങളും നീക്കം ചെയ്യൽ, മാലിന്യ കൂനകളായിരുന്ന സ്ഥലങ്ങളുടെ വീണ്ടെടുപ്പ് എന്നിവ ഉണ്ടാകണം. തദ്ദേശ സ്വയംഭരണ സ്ഥാപനതല ടീം ഫീൽഡ് സന്ദർശനം നടത്തിയാണ് കരട് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്. ആക്ഷൻ പ്ലാനിന്റെ സാങ്കേതിക പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സമിതി അംഗീകരിച്ചാണ് സർക്കാരിന് സമർപ്പിക്കേണ്ടത്. ഇതിന് ആവശ്യമായ ടെംപ്ലേറ്റ് തയ്യാറാക്കേണ്ടതാണ്.

നടപടി: തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ

3. വെയിംഗ് മെഷീനും ബെയിലിംഗ് മെഷീനും സ്ഥാപിക്കുന്നതിന് പദ്ധതി വെച്ചതും വെക്കാത്തതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ 19.07.2021 ന് മുമ്പ് സമർപ്പിക്കണം.

നടപടി: നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ

4. നിലവിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് ഉത്തരവിലെ കുറവുകൾ പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്ക് ഹരിതകേരളം മിഷൻ സർക്കാരിലേക്ക് സമർപ്പിച്ച പ്രൊപ്പോസൽ അടിയന്തരമായി പരിഗണിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കണം.

നടപടി : തദ്ദേശസ്വയംഭരണ വകുപ്പ്

5. എല്ലാ ഹരിതകർമ്മസേന അംഗങ്ങൾക്കും മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി കോവിഡ് വാക്സിൻ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കണം

നടപടി : ഡി.ഡി.പി., ആർ.ജെ.ഡി.

6. അശാസ്ത്രീയ മാലിന്യ സംസ്കരണ നടപടികൾക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നിയമ നടപടികളുടെ തോത് നന്നേ കുറവാണ്. ഏപ്രിൽ മാസത്തെ അവലോകനത്തിന് ശേഷവും തൽസ്ഥിതിയിൽ മാറ്റം വന്നിട്ടില്ല. ആയത് ഏകോപന സമിതി അവലോകനം നടത്തുകയും റിപ്പോർട്ട് നൽകുകയും ചെയ്യണം.

7. അശാസ്ത്രീയ മാലിന്യ സംസ്കരണത്തിനെതിരെ നടപടികൾ സ്വീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര? നൽകിയ നോട്ടീസുകളുടെ എണ്ണം, പ്രോസിക്യൂഷനുകളിലേക്ക് പോയ കേസുകളുടെ എണ്ണം, പിഴ ഈടാക്കൽ എന്നിവ സംബന്ധിച്ച വിവരം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഏകോപന സമിതി കൃത്യമായി വിലയിരുത്തേണ്ടതാണ്.

നടപടി : ജില്ലാ ഏകോപന സമിതി

8. ഏപ്രിൽ മാസത്തിൽ നടന്ന മീറ്റിംഗിലെ തീരുമാനങ്ങൾ ബന്ധപ്പെട്ട എല്ലാവരും കർശനമായി

പരിശോധിക്കുകയും ആയതിലെ ഓരോ തീരുമാനങ്ങൾ സംബന്ധിച്ചും പുരോഗതി കൈവരിക്കുന്നതിനായി ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ച് അടുത്ത മീറ്റിംഗിന് മുമ്പായി പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും വേണം.

നടപടി : പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ

9. കഴിഞ്ഞ റിവ്യൂ മീറ്റിംഗിനുശേഷം ഓരോ ഇനത്തിനും എന്ത് പുരോഗതി കൈവരിച്ചു എന്ന് മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ ലഭ്യമാക്കിയ പെർഫോർമ പൂരിപ്പിച്ച് നൽകേണ്ടതാണ്.

നടപടി : ജില്ലാ കോർഡിനേറ്റർമാർ, ഹരിത കേരളം മിഷൻ/ശുചിത്വമിഷൻ

10. ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഹരിതകർമ്മ സേന അംഗങ്ങൾ പിരിഞ്ഞുപോയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പിരിഞ്ഞുപോകാനുണ്ടായ കാരണം എന്തെന്ന് പഠിച്ച് റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണം.

നടപടി : എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

11. ഏപ്രിൽ മാസം നടന്ന അവലോകന യോഗത്തിലെ റിപ്പോർട്ട് പ്രകാരമുള്ള സ്റ്റാറ്റസിൽ നിന്നും കാര്യമായ പുരോഗതി ജില്ലകളിൽ ഉണ്ടായിട്ടില്ലെന്നും നിലവിലെ അവസ്ഥയിൽ നിന്നും കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിന്നോക്കം പോയിട്ടുള്ളതായി മനസിലാക്കുന്നു. ആയതിൽ തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി ശക്തമായ അതൃപ്തി രേഖപ്പെടുത്തി. മിഷൻ/വകുപ്പ് മേധാവികൾ ആയത് പരിശോധിച്ചു തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് പ്രത്യേകം നിർദേശിച്ചു. പ്രത്യേകിച്ചു തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം ജില്ലകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നടപടി : ജില്ലാ ഏകോപന സമിതി

12. ഇടുക്കി, എറണാകുളം ജില്ലകളുടെ വിശദമായ റിവ്യൂ മറ്റൊരു തീയതിയിൽ നടത്തുന്നതാണ്. എന്നാൽ പ്രവർത്തന പുരോഗതി കൈവരിക്കാത്ത തീരുമാനങ്ങളിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

നടപടി : ഡി.ഡി.പി., ആർ.ജെ.ഡി.

യോഗം 01.30 മണിയ്ക്ക് അവസാനിച്ചു.

<u>യോഗത്തിൽ പങ്കെടുത്തവർ</u>

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
2. ഡയറക്ടർ പഞ്ചായത്ത്
3. ഡയറക്ടർ നഗരകാര്യം
4. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
5. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
6. ഹരിതകേരളം മിഷൻ സംസ്ഥാനതല ഉദ്യോഗസ്ഥർ
7. ജില്ലാ വകുപ്പ് /മിഷൻ മേധാവികൾ

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി